## കേരള സർക്കാർ

### സംഗ്രഹം

ശാസ്ത്ര സാങ്കേതിക വകുപ്പ് - കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) - തീരദേശ പരിപാലന അതോറിറ്റി മുൻപാകെ CRZ ക്ലിയറൻസ് അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ചുമത്തുന്ന പരിശോധനാ ചാർജ് (Scrutiny Fee) പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു - സംബന്ധിച്ച്.

---

### ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

സ.ഉ.(എം.എസ്) നം: 01/2015/ശാ.സാ.വ. തിരുവനന്തപുരം, തീയതി: 25.03.2015

---

പരാമർശം:- 1) 19.02.1991 തീയതിയിലെ കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ SO 114(E) നമ്പർ വിജ്ഞാപനം.

2) 03.02.1998-ലെ കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ J-17011/29/97-IA-III നമ്പർ കത്ത്.

3) 13.04.2000-ലെ കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ J-17011/8/92-IA-III നമ്പർ കത്ത്.

4) സർക്കാർ ഉത്തരവ് നം. (എം.എസ്) 53/2001/S&TD dt. 08.07.2001.

5) 65-ാമത് KCZMA യോഗത്തിന്റെ 65.1.34 തീരുമാനം.

### ഉത്തരവ്

കേന്ദ്ര സർക്കാരിന്റെ പരാമർശിത 2, 3 സർക്കുലർ പ്രകാരം CRZ അനുമതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ സംസ്ഥാന സർക്കാരുകൾക്ക് പരിശോധന ചാർജ്ജ് ഈടാക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ ഉപദേശിച്ചിരുന്നു. അതിൻ പ്രകാരം പരാമർശിത (4) സർക്കാർ ഉത്തരവ് പ്രകാരം CRZ അനുമതിക്കായി കേരള തീരദേശ പരിപാലന അതോറിറ്റി മുൻപാകെ സമർപ്പിക്കുന്ന അപേക്ഷകൾക്ക് പരിശോധന ചാർജ്ജ് (Scrutiny Fee) ഈടാക്കി ഉത്തരവായിരുന്നു.

CRZ അനുമതിയ്ക്കായുള്ള അപേക്ഷകൾക്ക് KCZMA മുൻപാകെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ചുമത്തുന്ന പരിശോധന ഫീസിന്റെ നിരക്ക് താഴെപ്പറയും പ്രകാരം പുതുക്കി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

| നം. | നിർമ്മാണ പ്രവർത്തനങ്ങൾ | പുതുക്കിയത് |
|---|---|---|
| 1) | 500m² വരെ തറവിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹം നിർമ്മിക്കുന്നതിന്. | ഇല്ല |
| 2) | 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾ (500m² ന് മുകളിലുള്ളത്), മറ്റ് പ്രോജക്ടുകളും. | 10,000/- |
| 3) | 25 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങളും (500m² ന് മുകളിൽ), മറ്റ് പ്രോജക്ടുകളും. | 25,000/- |
| 4) | 50 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങളും (500m² ന് മുകളിൽ), മറ്റ് പ്രോജക്ടുകളും. | 1,00,000/- |
| 5) | 1 കോടി മുതൽ 2.5 കോടി രൂപ വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങളും, മറ്റ് പ്രോജക്ടുകളും. | 2,00,000/- |

| | | |
|---|---|---|
| 6) | 2.5 കോടി മുതൽ 10 കോടി രൂപ വരെയുള്ള പ്രൊജക്ടുകൾ. | 4,00,000/- |
| 7) | 10 കോടി മുതൽ 100 കോടി രൂപ വരെയുള്ള പ്രൊജക്ടുകൾ. | 10,00,000/- |
| 8) | 100 കോടി അധികരിച്ചാൽ | 20,00,000/- |

CRZ അനുമതിയ്ക്കായുള്ള അപേക്ഷകളോടും അനുബന്ധ രേഖകളോടുമൊപ്പം "1425-00-501-98" എന്ന ശീർഷകത്തിൽ ഏതെങ്കിലും സർക്കാർ ട്രഷറി/സബ് ട്രഷറിയിൽ തുക ഒടുക്കി ചെല്ലാൻ രസീതിന്റെ ഒറിജിനൽ കൂടി KCZMA മുൻപാകെ ഹജരാക്കേണ്ടതാണ്. ഫീസ് ഈടാക്കുന്ന മുറയ്ക്ക് മാത്രമേ CRZ അനുമതിക്കായുള്ള അപേക്ഷ പരിഗണിക്കേണ്ടതുള്ളു.

ഈ ഉത്തരവിന് 01.03.2015 മുതൽ പ്രാബല്യമുണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഡോ. സുരേഷ് ദാസ്,**
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി.

റ്റു,

1. പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്.
2. ചെയർമാൻ, KCZMA, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം-695 004.
3. മെമ്പർ സെക്രട്ടറി, KCZMA, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം-695 004.
4. ജില്ലാ കളക്ടർ (ചെയർമാൻ, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, CRZ), തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്.
5. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം (എല്ലാ തീരദേശ പഞ്ചായത്തുകളുടെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുന്നതിന് വേണ്ടി)
6. ഡയറക്ടർ, നഗരകാര്യം, തിരുവനന്തപുരം. (എല്ലാ കോർപ്പറേഷനുകൾക്കും, എല്ലാ തീരദേശ മുനിസിപ്പാലിറ്റികളുടെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുന്നതിന് വേണ്ടി)
7. ഡയറക്ടർ, PRD (എല്ലാ പത്രമാധ്യമങ്ങളിലും, സർക്കാർ S&T വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിനും)
8. എല്ലാ KCZMA മെമ്പർമാർക്കും.
9. മെമ്പർ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം-695 004.
10. ധനകാര്യ വകുപ്പ് (67282/RMC1/2014/Fin പ്രകാരം)
11. ശാസ്ത്ര സാങ്കേതിക വകുപ്പ് (എ-1, 3, 4) സീറ്റ്.
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി/

പകർപ്പ് :

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. അഡീഷ്ണൽ സെക്രട്ടറി റ്റു ചീഫ് സെക്രട്ടറി.
3. പി.എ. റ്റു അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
4. പി.എ. റ്റു. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്.
5. പി.എ. റ്റു പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.
6. പി.എ. റ്റു ജോയിന്റ് സെക്രട്ടറി/അണ്ടർ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.
7. പി.എ. റ്റു മെമ്പർ സെക്രട്ടറി, KCZMA (ഈ ഉത്തരവ് www.keralaczma.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.